**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **01-02-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലത്തിൽ കൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ ഹൈവേ നിർമ്മാണ പ്രവൃത്തിക്ക് 6500 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഒന്നാമത്തെ റീച്ചായ അഴീക്കോട് പാലം മുതൽ വലപ്പാട് വരെയുള്ള 32 കീ. മി വരുന്ന ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനായി 182.81 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. ഇതിൽ 19.50 കി.മി ദൂരം കൈപമംഗലം മണ്ഡലത്തിൽ കൂടി കടന്നുപോകുന്നതാണ്. സർക്കാരിൽ നിന്നും തത്വത്തിൽ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി 1.05 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി 28.08.2022 ൽ 93.37 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. നിലവിൽ സാധ്യമായ എല്ലാ സ്ഥലങ്ങളിലും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ആയത് സ്ഥലമേറ്റെടുപ്പിന്റെ ലാന്റ് അക്വിസിഷൻ ഓഫീസർ ആയ സ്പെഷ്യൽ തഹസിൽദാർ, എൽ.എ, കിഫ്ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായുള്ള ഡാറ്റകളക്ഷൻ പുരോഗമിച്ച് വരുന്നു. കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വരുന്ന 0/000 കി.മീ. മുതൽ 4/500 കി.മീ. വരെയുള്ള അലൈൻമെന്റിൽ, പുറമ്പോക്ക് അടയാളപ്പെടുത്തുന്നതിന്റെ ഭാഗമായി ടി പ്രദേശത്ത് പുറമ്പോക്ക് സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ